## ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ  തിരുവനന്തപുരം

വിഷയം:- ഹോമിയോപ്പതി വകുപ്പ് - ശബരിമല മണ്ഡല പൂജ/മകരവിളക്ക് മഹോൽസവം-പമ്പ താത്കാലിക ഹോമിയോ ഡിസ്പെൻസറിയിലെ നാലാംഘട്ടം സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിച്ച മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ പുതുക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :  -21-11-2014 ലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നമ്പർ ജി1/8927/2014/ഡി.എച്ച്  തിയതി 29/11/2014

ശബരിമല മണ്ഡല/മകരവിളക്ക് മഹോൽസവം 2014-15 നോടനുബന്ധിച്ചു പമ്പയിൽ പ്രവർത്തിച്ചു വരുന്ന താത്കാലിക ഹോമിയോ ഡിസ്പെൻസറിയിലെ നാലാം ഘട്ടം ജോലി നോക്കുന്നതിനായി മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ നിയോഗിച്ചുകൊണ്ട് സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.  എന്നാൽ ടി ഉത്തരവിലെ സീരിയൽ നമ്പർ 1ലും 2ലും പറയുന്ന മെഡിക്കൽ ആഫീസർമാർ (ഡോ.സുനന്ദകുമാർ, ഡോ.രാജേഷ്) 4 ൽ പറയുന്ന ഫാർമസിസ്റ്റ് (സി.വിഷ്ണു) 6 ൽ പറയുന്ന അറ്റൻഡർ (അശോക് കുമാർ) എന്നിവർക്ക് നാലാം ഘട്ടത്തിൽ ഡ്യൂട്ടി നോക്കുന്നതിന് ചില സാങ്കേതിക കാരണങ്ങളാൽ കഴിയുകയില്ലെന്ന് അവർ അറിയിച്ച കാരണങ്ങൾ വകുപ്പിന് ബോധ്യപ്പെട്ടതിനാലും അടുത്ത ഘട്ടത്തിൽ ജോലി നോക്കുന്നതിന് സമ്മതമാണെന്ന് അറിയിച്ചതിനാലും ടി ജീവനക്കാർക്ക് പകരം ചുവടെ ചേർത്തിരിക്കുന്ന മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ നിയോഗിച്ച് കൊണ്ട് ഉത്തരവായിരിക്കുന്നു.

4-ാം ഘട്ടം  14-12-2014 രാവിലെ 9 മണി മുതൽ
23-12-2014 രാവിലെ 9 മണി വരെ

സർക്കാർ ഹോമിയോ ഡിസ്പെൻസറി പമ്പ

| | | |
|---|---|---|
| 01. ഡോ.ശ്രീരാജ് ജി പ്രഭു | -മെഡിക്കലാഫീസർ | -സർക്കാർ ഹോമിയോ ഡിസ്പെൻസറി കോലാനി, ഇടുക്കി |
| 02. ഡോ.ഏ.കെ.മനു | - മെഡിക്കലാഫീസർ | - സർക്കാർ ഹോമിയോ ഡിസ്പെൻസറി ആറാട്ടുപുഴ, ആലപ്പുഴ |
| 04. ജെയിംസ് ഫ്രാൻസിസ് | - ഫാർമസിസ്റ്റ് | -സർക്കാർ ഹോമിയോ ഡിസ്പെൻസറി മൂഴിയ്ക്കൽ, ഇടുക്കി |
| 06. സ്റ്റാൻലി | - നേഴ്സിംഗ് അസിസ്റ്റന്റ് | - സർക്കാർ ഹോമിയോ ആശുപത്രി കായംകുളം, ആലപ്പുഴ |

4-ാം ഘട്ടം പമ്പ ഡിസ്പെൻസറിയുടെ ചുമതല ഡോ.ശ്രീരാജ്. ജി .പ്രഭു വിനായിരിക്കും.

ജീവനക്കാർ രണ്ടു സ്റ്റാമ്പു സൈസ് ഫോട്ടോകളും വകുപ്പിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡിന്റെ ഫോട്ടോ സ്റ്റാറ്റ് കോപ്പിയും ഡ്യൂട്ടിയ്ക്ക് ഹാജരാകുന്ന അവസരത്തിൽ കൈയ്യിൽ കരുതേണ്ടതാണ്.

സൂചന മേധാവികൾ ജീവനക്കാരെ അവർ ജോലി നോക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ശബരിമല ഡ്യൂട്ടി നോക്കുന്നതിനായി വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ രാവിലെ 9 മണിയ്ക്ക് തന്നെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിരിക്കുന്ന തീയതിയിൽ പമ്പ ഡിസ്പെൻസറിയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ഒപ്പ്**
**ഡോ.കെ.ജമുന**
**ഡയറക്ടർ**

ബന്ധപ്പെട്ട കക്ഷികൾക്ക്:-
ജില്ലാ മെഡിക്കൽ ആഫീസർ (ഹോമിയോ)
പത്തനംതിട്ട

കമ്മീഷണർ/ശബരിമല സ്പെഷ്യൽ ഓഫീസർ സന്നിധാനം
അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ദേവസ്വം പമ്പ
സൂപ്രണ്ട്/സി.എം.ഒ/എം.ഒ/ജി.എച്ച്.ഡി പമ്പ/സന്നിധാനം

അംഗീകാരത്തോടെ,

V. [signature]

**സീനിയർ സൂപ്രണ്ട്**

കെ.എസ്